**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6141** **17-03-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ സംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സംരംഭകരുടെ പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി, 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, (2000 ലെ നിയമം 5) -ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് Grievance Redressal System. ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ പരാതി പരിഹാര കമ്മിറ്റിക്കും 10 കോടിക്കു മുകളിൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലും സംസ്ഥാന പരാതി പരിഹാര കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ട് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി പരാതി പരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുകയാണെങ്കിൽ പ്രസ്തുത അപേക്ഷകൾ പരാതികൾ പരാതി പരിഹാര കമ്മിറ്റിക്ക് പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. ഒരു |

| | | | |
|---|---|---|---|
| | | | വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒര സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ നിയമത്തിൽ വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള സംഗതികളെസംബന്ധിച്ച ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മറ്റികൾക്ക് ഉണ്ട്. മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾക്ക ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവീസ് ചട്ടങ്ങൾക്ക് കീഴിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനും ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട് ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്<br><br>കൂടാതെ വ്യവസായ വകുപ്പ് മന്ത്രി ജില്ലകൾ തോറും സംരംഭകരുടെ പരാതി നേരിട്ട് കേൾക്കുന്നതിനായി മീറ്റ് ദി മിനിസ്റ്റർ പരിപാടി സംഘടിപ്പിച്ച് വരുന്നുണ്ട്. നിലവിൽ ഇടുക്കി ഒഴികെയുള്ള എല്ലാ ജില്ലകളിലും പരിപാടി സംഘടിപ്പിച്ച് കഴിഞ്ഞിട്ടുണ്ട്.<br><br>വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അധികൃതരെ അറിയിക്കുവാനുള്ള സംവിധാനം ആയ ചാറ്റ് വിത്ത് മിനിസ്റ്റർ ആരംഭിച്ചിട്ടുണ്ട്. സംരംഭകർക്ക് അവരുടെ പരാതികൾ / അന്വേഷണങ്ങൾ **9846441445** എന്ന വാട്സാപ്പ് കോൺടാക്റ്റ് നമ്പറിലേക്ക് സന്ദേശമായിട്ട് അയക്കാവുന്നതാണ്. തുടർന്ന് ജില്ലാതല റിസോഴ്സ് പേഴ്സണ്മാരും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന സംവിധാനത്തിലൂടെ പരമാവധി 7 ദിവസത്തെ സമയ പരിധിക്കുള്ളിൽ ഇത പരിഹരിക്കുകയും ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്. |
| (ബി) | സംരംഭകരുടെ പരാതികൾ അറിയിക്കുന്നതിന് പ്രത്യേക പോർട്ടൽ സംവിധാനം സർക്കാർ ഒരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ; | (ബി) | ജില്ല/സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റികൾ കാര്യക്ഷമമായും, സമയബന്ധിതമായും പ്രവർത്തിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. (http://grievanceredressal.industry.kerala.gov.in). |

| | | | |
|---|---|---|---|
| | | | ഇതിലൂടെ സംരംഭകർക്ക് തങ്ങളുടെ സ്ഥാപനത്തിന് വേണ്ട അനുമതികൾ, ലൈസൻസുകൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ ലഭ്യമാകുന്നതുമായി ബന്ധപ്പെട്ട പരാതികൾ ഉന്നയിക്കാനും,, സമയബന്ധിതമായ പരിഹാരം കാണുവാനും സാധിയ്ക്കും. |
| (സി) | വിവിധ സർക്കാർ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ? | (സി) | സ്വീകരിക്കുന്നുണ്ട്. നിലവിൽ ഐ ടി വകുപ്പിന് കീഴിലുള്ള കണ്ണൂർ ജില്ലയിലെ എരമം സൈബർ പാർക്കിൻെറ സ്ഥലം വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്-ന് കൈമാറി ലഭിക്കുന്നതിനായി സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പൈലറ്റ് പദ്ധതി എന്ന നിലയിൽ കൊല്ലം ജില്ലയിലെ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന്റെ കൈവശമുള്ളതിൽ മിച്ചമുള്ള ഭൂമിയിലെ 96 സെന്റ് സ്ഥലത്ത് 60,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു ഫാക്ടറി കെട്ടിട സമുച്ചയം സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 28 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, ജലവിതരണം, അഗ്നിസുരക്ഷാ സംവിധാനം, ലിഫ്റ്റ് ഉൾപ്പെടെ എല്ലാവിധ സംവിധാനങ്ങളും ഈ കെട്ടിട സമുച്ചയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി വഴി ചെറുകിട-ഇടത്തരം മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ഏകദേശം 35 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 400 ഓളം തൊഴിലവസരങ്ങളും സൃഷ്ടിക്കാനാകുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ